# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5063** **15.11.2019 ൽ മറുപടിയ്ക്ക്**

**നാളികേര കർഷകർ നേരിടുന്ന പ്രതിസന്ധികൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്** | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |

എ) സംസ്ഥാനത്ത് നാളികേര കർഷകർ നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കുന്നതിനും നാളികേര കൃഷി സംരക്ഷിക്കുന്നതിനും സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

എ) കേര കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും, കേരകൃഷിയിലൂടെ സുസ്ഥിര വരുമാനം ഉറപ്പാക്കുന്നതിനും കേര വികസന പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നു. തേങ്ങയുടെ ഉത്പാദനവും, തെങ്ങിന്റെ ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി ഉയർന്ന ഉത്പാദനക്ഷമതയുള്ള ഇനങ്ങൾ നട്ടുപിടിപ്പിക്കുന്നതിനും, മെച്ചപ്പെട്ട പരിപാലനരീതികൾ കർഷകർ പ്രാവർത്തികമാക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. കേരകൃഷിയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് 2018 മുതൽ 2028 വരെയുള്ള കാലഘട്ടത്തിലേക്ക് പ്രാവർത്തികമാക്കാനുള്ള വിവിധ ലക്ഷ്യങ്ങളോടെ നാളികേര വികസന കൗൺസിൽ രൂപീകരിക്കുകയുണ്ടായി. ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ വാർഡൊന്നിന് 75 എണ്ണം എന്ന നിരയ്ക്കിൽ വിതരണം ചെയ്യുന്നതിനുള്ള ഒരു ബൃഹത് പദ്ധതി 2019-20 വർഷം 'കേരകേരളം സമൃദ്ധകേരളം' എന്ന പേരിൽ നടപ്പാക്കി വരുന്നു.

തേങ്ങയുടെ ഉൽപ്പാദനവും, ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി രോഗം ബാധിച്ചതും, പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ നടുക, സംയോജിത കീട-രോഗ നിയന്ത്രണം, സംയോജിത വളപ്രയോഗം, ഇടവിള കൃഷി പ്രോത്സാഹിപ്പിക്കൽ, ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനം, ഗുണമേന്മയുള്ള തൈകൾ കർഷകർക്ക് ലഭ്യമാക്കുക എന്നിവ ലക്ഷ്യമിട്ടുകൊണ്ട് കേരഗ്രാമപദ്ധതി നടപ്പാക്കി വരുന്നു.

ഉയരം കുറഞ്ഞ/കുറിയ ഇനം തെങ്ങുകളുടെ കൃഷി

പ്രോത്സാഹിപ്പിക്കുന്നതിലേക്കായി കരിക്കിനും, കൊപ്രയ്ക്കും അനുയോജ്യമായ ഇനങ്ങൾ ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിനും, മാതൃകാ ഫാമുകൾ സ്ഥാപിക്കുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങളും നടത്തി വരുന്നു.

പരിസ്ഥിതി സൗഹൃദ നൂതന ആശയങ്ങൾ വികസിപ്പിക്കുന്നതിനും, തെങ്ങുകൃഷിയിൽ നിന്നുള്ള ആദായം വർദ്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. ബ്ലോക്കുതല ക്യാമ്പയിനുകൾ സംഘടിപ്പിച്ച് നാളികേരത്തിന്റെയും വെളിച്ചെണ്ണ ഉൾപ്പെടെയുള്ള ഉൽപ്പന്നങ്ങളുടെയും ഗുണങ്ങൾ പ്രചരിപ്പിച്ച് ഉപയോഗം വർദ്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.

തെങ്ങുകൃഷിയുടെ വിവിധ പ്രശ്നങ്ങൾ മനസ്സിലാക്കി ഗവേഷണ പദ്ധതികളിലൂടെ പരിഹാരം കാണാൻ കേന്ദ്രതോട്ടവിള ഗവേഷണ കേന്ദ്രവുമായി സഹകരിച്ചുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

തെങ്ങിനെ ബാധിക്കുന്ന കീടങ്ങളേയും, രോഗങ്ങളേയും നിയന്ത്രിക്കുന്നതിന് ക്യാമ്പയിൻ അടിസ്ഥാനത്തിൽ പരിപാടികൾ നടത്തുന്നതിലേക്കായി പദ്ധതി നടപ്പാക്കി വരുന്നുണ്ട്.

നാളികേര മൂല്യവർദ്ധിത ഉൽപ്പനങ്ങളുടെ സാദ്ധ്യത മനസ്സിലാക്കുന്നതിനും, കർഷക സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി 'വൈഗ' എന്ന പേരിൽ പ്രദർശന സെമിനാറുകൾ കൃഷി വകുപ്പ് സംഘടിപ്പിച്ചു വരുന്നുണ്ട്. മൂല്യവർദ്ധിത സംരംഭങ്ങൾ ആരംഭിക്കുന്നതിനായി എസ്.എഫ്.എ.സി (SFAC) മുഖാന്തിരം പ്രോജക്റ്റ് അധിഷ്ഠിത സഹായവും സാങ്കേതിക സഹായവും നൽകുന്നുണ്ട്. കൂടാതെ കേരഫെഡ്, നാളികേര വികസനകോർപ്പറേഷൻ എന്നിവയുടെ ആഭിമുഖ്യത്തിൽ കേരോല്പന്നങ്ങളുടെ ഉത്പാദനവും, വൈവിധ്യവൽക്കരണവും വിപണനവും നടത്തുന്നതിലൂടെ കേരകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| ബി) | അയൽ സംസ്ഥാനങ്ങളെ കൂടി സഹകരിപ്പിച്ചുകൊണ്ട് നാളികേര കൃഷി സംരക്ഷിക്കുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നും എന്തെങ്കിലും സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ; | ബി) | സംസ്ഥാനത്തെ നാളികേരകൃഷി പുനരുജ്ജീവിപ്പിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും കേന്ദ്രനാളികേര വികസന ബോർഡ് വിവിധ പദ്ധതികളിലൂടെ സഹായം അനുവദിച്ചു വരുന്നുണ്ട്. |

എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

| | | | |
|---|---|---|---|
| സി) | നാളികേര മിഷൻ ആരംഭിക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാമാണ് ഇതുവഴി നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ? | സി) | സംസ്ഥാനത്തെ കേരകൃഷിയുടെ വിസ്തൃതി, നാളികേരത്തിന്റെ ഉൽപാദനം, ഉൽപാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുക, സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷിയുടെ സംരക്ഷണവും അഭിവൃദ്ധിയും ഉറപ്പുവരുത്തുക എന്നിവ ലക്ഷ്യമിട്ട് 2018 മുതൽ 2028 വരെ നീളുന്ന 10 വർഷത്തെ വികസന കാഴ്ചപ്പാടോടെ നാളികേര വികസന കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. നാളികേര വികസന കൗൺസിലിന്റെ ഉദ്ദേശ ലക്ഷ്യങ്ങളും ആവിഷ്കരണ പദ്ധതികളും ചുവടെ ചേർക്കുന്നു<br>1. സംസ്ഥാനത്തെ നാളികേര കൃഷിയുടെ വിസ്തൃതി നിലവിലെ 7.81 ലക്ഷം ഹെക്ടറിൽ നിന്നും 9.25 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുക. ഇതിനായി 1.44 ലക്ഷം ഹെക്ടർ സ്ഥലത്ത് അധികമായി തെങ്ങ് കൃഷി വ്യാപിപ്പിക്കുക.<br>2. നിലവിലുള്ള തെങ്ങിൻ തോട്ടങ്ങളിൽ പ്രായാധിക്യം വന്നതും, രോഗം ബാധിച്ചതും ഉൽപാദന ക്ഷമത കുറഞ്ഞതുമായ തെങ്ങുകളെ മുറിച്ചുമാറ്റി അത്യുൽപ്പാദന ശേഷിയുള്ള തെങ്ങിൻതൈകൾ വച്ചുപിടിപ്പിക്കുക. 3 ലക്ഷം ഹെക്ടർ സ്ഥലത്ത് ഇത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.<br>3. തെങ്ങിന്റെ ഉൽപ്പാദനക്ഷമത ഹെക്ടറിന് 6889 നാളികേരത്തിൽ നിന്നും 8500 നാളികേരമായി ഉയർത്തുക.<br>4. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്,കേരള കാർഷിക സർവ്വകലാശാല, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം, നാളികേര വികസന ബോർഡ്, നാളികേര ഉത്പ്പാദക സൊസൈറ്റി / കമ്പനികളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന തെങ്ങിൻതൈ ഉൽപ്പാദന കേന്ദ്രങ്ങളിലെ ഉല്പാദനം വർദ്ധിപ്പിച്ചും ശാസ്ത്രീയ വിത്തുതേങ്ങാ സംഭരണം വിപുലപ്പെടുത്തിയും, വികേന്ദ്രീകൃത നഴ്സറികൾ സ്ഥാപിച്ചും ഗുണമേന്മയുള്ള തെങ്ങിൻ തൈകളുടെ ലഭ്യത ആവശ്യാനുസരണം എല്ലാ കർഷകർക്കും ഉറപ്പുവരുത്തുക.<br>5. നെടിയ ഇനങ്ങളുടെയും, കുറിയ ഇനങ്ങളുടെയും, സങ്കര ഇനങ്ങളുടെയും കൃഷിക്ക് കേരളത്തിന് അനുയോജ്യമായതും സ്ഥായിയായതും, വിപണന സാധ്യത ഉള്ളതുമായ ഇനങ്ങളുടെ ഒരു പ്രചരണ രീതി /സമ്പ്രദായം നടപ്പിലാക്കുക. |

6. തെങ്ങിൻ തോട്ടങ്ങളിൽ അനുയോജ്യമായ ഇടവിളകൾ കൃഷി ചെയ്ത് പ്രകൃതി വിഭവങ്ങളുടെ കാര്യക്ഷമമായ വിനിയോഗം സാധ്യമാക്കുന്ന ബഹുവിള കൃഷി സമ്പ്രദായം നടപ്പിലാക്കിയും, സൂക്ഷ്മ മൂലകങ്ങളുടെ പ്രയോഗം ഉൾപ്പെടെയുള്ള മണ്ണുപരിപാലനവും സസ്യസംരക്ഷണ പ്രവർത്തനങ്ങളും, ഉത്തമ ജലസേചന മാർഗ്ഗങ്ങളും ശാസ്ത്രീയമായി അവലംബിച്ച് പരമാവധി ഉൽപ്പാദനവും, ഉൽപ്പാദനക്ഷമതയും കൈവരിച്ച് കേര കർഷകർക്ക് മെച്ചപ്പെട്ട വരുമാനവും, ജീവിത സുരക്ഷയും ഉറപ്പാക്കുക.

7. നാളികേര കൃഷിക്ക് പ്രാമുഖ്യമുള്ള എല്ലാ പഞ്ചായത്തുകളിലും, തെങ്ങിന്റെ സംയോജിത വികസനത്തിനായി "കേരഗ്രാമങ്ങൾ" ആരംഭിക്കുക. സാധ്യമായ എല്ലാ കേരഗ്രാമങ്ങളിലും നാളികേരത്തിന്റെ മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിച്ച് തൊഴിലവസരങ്ങളും, കർഷകരുടെ വരുമാനവും വർദ്ധിപ്പിക്കുക.

8. കേര കൃഷിക്ക് പ്രാമുഖ്യമുള്ള എല്ലാ പ്രദേശങ്ങളിലും വിസ്തൃതിക്ക് അനുസൃതമായി വാർഡുതല ക്ലസ്റ്ററുകൾ/ പഞ്ചായത്തുതല കേരസമിതികൾ/ ബ്ലോക്കുതല കേര ഫെഡറേഷൻ എന്നിവ രൂപീകരിക്കുക/ ശക്തിപ്പെടുത്തുക. കൂടാതെ നിലവിലുള്ള നാളികേര വികസന കൗൺസിലുമായി ബന്ധപ്പെട്ട് രൂപീകരിക്കുന്ന വിവിധ സമിതികളും തമ്മിൽ പരസ്പര ഏകോപനം സാധ്യമാക്കുക.

9. വിളവെടുപ്പിനും, കീടരോഗ പ്രതിരോധ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനുമായി നാളികേര കൃഷിക്ക് പ്രാമുഖ്യമുള്ള പഞ്ചായത്തുകളിൽ യുവതീയുവാക്കൾക്ക് പരിശീലനം നൽകി "കേര കർമ്മസേനകൾ" രൂപീകരിക്കുക. കൂടാതെ നാളികേര കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് നിലവിലുള്ള കാർഷിക കർമ്മസേന, അഗ്രോ സർവ്വീസ് സെന്റർ എന്നിവയെ ശക്തിപ്പെടുത്തുക.

10. നാളികേരത്തിന്റെ മൂല്യവർദ്ധന സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഉത്തേജനം നൽകുക.

11. നാളികേര മേഖലയിൽ സ്റ്റാർട്ടപ്പുകൾ പ്രോത്സാഹിപ്പിക്കുക.

12.നാളികേരത്തിന്റെ മൂല്യവർദ്ധനവും, വിപണനവും ശക്തിപ്പെടുത്തുന്നതിനായി നാളികേര അഗ്രോ പാർക്കുകളുടെ പ്രവർത്തനം ആരംഭിക്കുക.

13.ദേശീയ അന്തർദേശീയ വിപണികളിൽ

കേരളത്തിന്റെ നാളികേര ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും ആഗോളതലത്തിൽ അവയുടെ ആവശ്യകത സൃഷ്ടിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുക.

14.കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ കർഷകരിൽ നിന്നും നാളികേര സംഭരണം ന്യായവിലയ്ക്ക് ഉറപ്പാക്കുക. ഉപോൽപ്പന്നമായ തൊണ്ട് ആവശ്യമായ മേഖലയിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

15.നാളികേര വികസനവുമായി ബന്ധപ്പെട്ട് സംസ്ഥാന / കേന്ദ്ര ഗവേഷണ സ്ഥാപനങ്ങളിൽ ലഭ്യമായ സാങ്കേതിക വിദ്യകൾ കർഷകരിലേക്കും സംരംഭകരിലേക്കും എത്തിക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.

16. നീര ഉൾപ്പെടെയുള്ള ഗുണമേന്മയുള്ള കേരോൽപ്പന്നങ്ങൾ ദേശീയ / അന്തർദേശീയ വിപണികളിൽ എത്തിക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.

17. നാളികേര കർഷകർക്ക് മികച്ച വരുമാനവും വരുമാന സ്ഥിരതയും ഉറപ്പുവരുത്തുക.

Mayap

**സെക്ഷൻ ഓഫീസർ**